# CLASS NOTES-ANSWERS

## അർത്ഥം എഴുതുക:

| | |
|---|---|
| ഉദരം | - വയറ് |
| പിറന്ന | - ജനിച്ച |
| വിസ്മരിക്കുക | - മറക്കുക |
| മൂർത്തി ഭാവം | - കാണാവുന്ന രൂപം |
| ഉന്നതസ്ഥാനം | - വലിയ സ്ഥാനം |
| മഹത്വം | - മഹിമ |
| അസുഖം | - രോഗം |
| സന്നദ്ധമാക്കുക | - തയ്യാറാക്കുക |
| ആനയിക്കുക | - കൂട്ടിക്കൊണ്ടുവരിക |
| ഉദാത്തം | - ഉയർന്ന |
| പ്രതിരൂപം | - പ്രതിബിംബം |
| പ്രയത്നം | - വേല |
| ചെവി കൊടുക്കുക | - കേൾക്കുക |
| മഹാസത്യം | - വലിയ സത്യം |
| നിഷ്കളങ്കത | - കളങ്കമില്ലായ്മ |
| സ്മരിക്കുക | - ഓർമ്മിക്കുക |

## സ്ത്രീലിംഗം എഴുതുക:

| | |
|---|---|
| അച്ഛൻ | - അമ്മ |
| കൊമ്പൻ | - പിടി |
| ഭർത്താവ് | - ഭാര്യ |
| പൂവൻ | - പിട |
| പാട്ടുകാരൻ | - പാട്ടുകാരി |

THE GARDEN SCHOOL Anakkal P.O., Kanjirappally 686 508

നായകൻ - നായിക

നടൻ - നടി

ബാലൻ - ബാലിക

## വിപരീതപദം:

| | | |
|---|---|---|
| അസുഖം | x | സുഖം |
| വിസ്മരിക്കുക | x | വിസ്മരിക്കുക |
| അപര്യാപ്തം | x | പര്യാപ്തം |
| അവിശുദ്ധം | x | വിശുദ്ധം |
| നന്മ | x | തിന്മ |
| തെറ്റ് | x | ശരി |

## ഉത്തരമെഴുതുക:

(1) ലോകത്തിൽ ഏറ്റവും നിസ്സഹായ അവസ്ഥയിൽ ജനിക്കുന്ന മനുഷ്യശിശുവിനെ അമ്മ വളർത്തുന്നത് എങ്ങനെയാണ്?

ഉത്തരം: മനുഷ്യശിശുവിന് സ്വന്തം ജീവനും സ്നേഹവും പോഷക സമൃദ്ധിയും രുചിയും എല്ലാം അലിഞ്ഞുചേർന്നിട്ടുള്ള അമ്മിഞ്ഞപ്പാൽ നൽകിയാണ് അമ്മ വളർത്തുന്നത്.

(2) അമ്മ അച്ഛൻ ഗുരു ഇവരിൽ ഉന്നതസ്ഥാനം അമ്മയ്ക്ക് തന്നെയാണെന്ന് പറയാൻ കാരണമെന്ത്?

ഉത്തരം: അമ്മ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും മൂർത്തീഭാവണ്. അതുകൊണ്ടാണ് അമ്മ അച്ഛൻ ഗുരു ഇവരിൽ ഉന്നതസ്ഥാനം അമ്മയ്ക്ക് തന്നെയാണെന്ന് പറയുന്നത്.

THE GARDEN SCHOOL ★ Anakkal P.O., Kanjirappally 686508 ★

(3) നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അമ്മമാരോട് നാം പെരുമാറേണ്ടത് എങ്ങനെയാണ്?

ഉത്തരം: നമ്മുടെ നന്മയ്ക്ക് വേണ്ടി ജീവിക്കുന്ന അമ്മയുടെ വാക്കുകൾക്ക് വില കൊടുക്കുവാനും അവരെ അനുസരിക്കുവാനും നമുക്ക് കഴിയണം. അവരെ വേദനിപ്പിക്കുന്ന ഒരു കാര്യവും നാം ചെയ്യരുത്.

THE GARDEN SCHOOL
Anakkal P.O ,Kanjirappally 686 508